**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1668** **20-06-2024 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് പണം നൽകുന്നതിനായി നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് സമയബന്ധിതമായി പണം നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 2023-24 സീസണിൽ കർഷകരുടെ നെല്ല് പരമാവധി വേഗത്തിൽ സംഭരിച്ച് വില നൽകുന്നതിന് എസ്.ബി.ഐ, കാനറ എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, പി.ആർ.എസ് വായ്പാപദ്ധതി പ്രകാരം കർഷകന്റെ അക്കൗണ്ടിൽ നെല്ലിന്റെ വില നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.<br><br>2023-24 സീസണിൽ സംസ്ഥാനത്ത് 1,96,140 കർഷകരിൽ നിന്ന് 5.56 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ആയതിന്റെ സംഭരണ വില 1568.53 കോടി രൂപയാണ്. നിലവിൽ എസ്.ബി.ഐ., കാനറ ബാങ്കുകളിലൂടെ PRS വായ്പ മുഖേനയാണ് കർഷകരുടെ സംഭരണ വില നൽകി വരുന്നത്. ഇതിലേക്കായി 1,69,260 കർഷകരുടെ 1352.37 കോടി രൂപയുടെ ലിസ്റ്റ് ടി ബാങ്കുകളിലേക്കായി സപ്ലൈകോ നൽകിയിട്ടുണ്ട്. ആയതിൽ 1,31,877 കർഷകർക്ക് നെല്ലിന്റെ വിലയായി 1054.03 കോടി രൂപ മേൽ പറഞ്ഞ ബാങ്കുകളിലൂടെ വിതരണം ചെയ്തു കഴിഞ്ഞു. ബാക്കി വരുന്ന കർഷകർക്ക് അടിയന്തിരമായി പണം നൽകുന്നതിനുള്ള സത്വര നടപടികൾ സപ്ലൈകോ സ്വീകരിച്ച് വരുകയാണ്. |
| (ബി) | പി.ആർ.എസ്. (പാഡി റെസീപ്റ്റ് ഷീറ്റ്)വായ്പാ പദ്ധതി പ്രകാരം എസ്.ബി.ഐ. അക്കൗണ്ട് ഉള്ള കൃഷിക്കാർക്ക് ഇപ്പോൾ സംഭരിച്ച നെല്ലിന്റെ തുക ലഭിക്കുന്നില്ല എന്നത് കണക്കിലെടുത്ത് ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | 29/04/2024 വരെ പെയ്മെന്റ് ഓർഡർ ജനറേറ്റ് ചെയ്തിട്ടുള്ള കർഷകരുടെ ലിസ്റ്റ് ആണ് എസ്.ബി.ഐലേക്ക് നൽകിയിട്ടുള്ളത്. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കർഷകർക്ക് അടിയന്തിരമായി തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ എസ്.ബി.ഐ യുടെ മേഖല ഓഫീസുകളിലേക്ക് സപ്ലൈകോ അറിയിപ്പ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ